മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. വക്കം പുരുഷോത്തമൻ : സർ, തൊടുപുഴ റവന്യൂ ടവർ പണിയുന്ന ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് 7-2-2006-ന് ഉച്ചയോടെ കേരള കോൺഗ്രസ്സ് (ജെ) യുത്ത് ഫ്രണ്ട് പ്രവർത്തകർ അതിക്രമിച്ചു കയറി അവരുടെ പാർട്ടി പതാക നാട്ടുകയും ടവറിന്റെ പണികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ഇത് അറിഞ്ഞ കോൺഗ്രസ്സ് ബ്ലോക്ക് പ്രസിഡന്റ് ബെന്നി, മുനിസിപ്പിൽ കൗൺസിലർമാരായ ജാഫർഖാൻ, മുഹമ്മദ് എന്നിവരുടെ നേതൃത്വത്തിൽ ഏതാനും പേർ അവിടെ എത്തുകയും ടവറിന്റെ പണി തടസ്സപ്പെടുത്തരുതെന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു. ആ അഭ്യർത്ഥന യുത്ത് ഫ്രണ്ട് പ്രവർത്തകർ നിരാകരിക്കുയും അവരുമായി ഉന്തും തള്ളും നടത്തുകയും ചെയ്തു. ഈ സമയം അവിടെ ഉണ്ടായിരുന്ന പോലീസ് ഇരു വിഭാഗങ്ങളോടും സമാധനപരമായി പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടപ്പോൾ പോലീസിനു നേരെ കല്ലേറുണ്ടായി. അതിനെത്തുടർന്ന് പോലീസ് ലാത്തിവീശി ജനക്കൂട്ടത്തെ പിരച്ചുവിട്ടു. കല്ലേറിൽ 5 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. ഇതു സംബന്ധിച്ച് 84-ാം നമ്പരായി കസബ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളാ കോൺഗ്രസ്സ് (ജെ) പ്രവർത്തകരായ 40 പേരെ സ്റ്റേഷനിൽ കൊണ്ടുവന്ന് ജാമ്യത്തിൽ വിട്ടയച്ചിട്ടുണ്ട്. ഇതുകൂടാതെ മുനിസിപ്പൽ കൗൺസിലർമാരായ രണ്ട് പേരെ കേരള കോൺഗ്രസ്സ് (ജെ) പ്രവർത്തകർ മർദ്ദിച്ചതായി പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ്സും കോൺഗ്രസ്സ് പ്രവർത്തകർ മർദ്ദിച്ചതിലും പോലീസ് ലാത്തി വീശിയതിലും പരിക്കുപറ്റിയെന്ന് ആരോപിച്ച് കേരള കോൺഗ്രസ്സ് പ്രവർത്തകരായ അഞ്ച് പേർ തൊടുപുഴ സഹകരണ ആശുപത്രിയിൽ ചികിത്സയിലുള്ളതു സംബന്ധിച്ച് മറ്റൊരു കേസ്സും എടുത്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(4) പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും എണ്ണം ഏതാണ്ട് ഒരുപോലെയാണ്. ഇന്ന് ഒരാൾ റിട്ടയർ ആകുമ്പോൾ അയാളുടെ മക്കൾക്ക് മാന്യമായ തൊഴിൽ ലഭിച്ചുവെന്ന് വരില്ല. കുടുംബത്തിന്റെ ഭാരം മുഴുവൻ ഈ വൃദ്ധൻ ചുമക്കേണ്ടിവരും. ലൈഫ് എക്സ്പെക്റ്റൻസി വർദ്ധിച്ചിരിക്കുന്നതുകൊണ്ട് വയോവൃദ്ധരായ പെൻഷൻകാരുടെ എണ്ണം വളരെ കൂടുതലാണ്. അവർ ഇപ്പോൾ ജീവിച്ചിരിക്കുന്നതുതന്നെ മരുന്നിന്റെ പച്ചയിലാണ്. ഗാട്ട് കരാറിൽ ഒപ്പു വച്ചതിനുശേഷം മരുന്നിന്റെ വില ക്രമാതീതമായി വർദ്ധിച്ചു. 10 പൈസയ്ക്കും 15 പൈസയ്ക്കുമൊക്കെ കിട്ടിക്കൊണ്ടിരുന്ന പാരസെറ്റമോളിന്റെ വില ഒന്നര രൂപയോളമായി. അതുപോലെ മറ്റ് മരുന്നുകളുടെ വിലയും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വയോവൃദ്ധരായ പെൻഷൻകാർക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന 50 രൂപയുടെ മെഡിക്കൽ അലവൻസ് വളരെ അപര്യാപ്തമാണ്. ഇത്തരത്തിലുള്ള വയോവൃദ്ധർക്ക് എന്തെങ്കിലും ചെയ്യുന്നത് ഏറ്റവും കൂടുതൽ ദൈവാധീനമുള്ള കാര്യമാണ്. അതുകൊണ്ട് മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുന്നത് അനുകമ്പാപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : 1998-ലെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് 25-1-1998-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിനായി 2005-ൽ നിയമിച്ച ശമ്പളപരിഷ്ക്കരണ കമ്മീഷൻ സംസ്ഥാനത്തെ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്ന കാര്യവും പരിശോധിക്കുന്നുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(5) നെല്ല് സംഭരണം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നെല്ല് സംഭരണമാണ് എന്റെ വിഷയം. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയാണ് മറുപടി പറയുന്നതെങ്കിലും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം. കഴിഞ്ഞ വർഷം നടത്തിയ നെല്ല് സംഭരണത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. കൃഷിക്കാർക്ക് കൊടുക്കാനുള്ള ഹാൻഡിലിംഗ് ചാർജ്ജ്, ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടെ 15 കോടി രൂപ കൊടുത്തുതീർക്കാനുണ്ടെന്ന് സൂചിപ്പിച്ചപ്പോൾ ഒൻപതര കോടി രൂപയാണ് കൊടുത്തുതീർക്കാനുണ്ടായിരുന്നതെന്നും അതിൽ 50 ലക്ഷം രൂപ കൊടുത്തുവെന്നും ഇനി 9 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നും അഡ്മിറ്റ് ചെയ്തു. ഈ വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതല ഏൽപ്പിച്ചുവെന്നും പറയുകയുണ്ടായി. ജനുവരി 31-ാം തീയതിക്കുള്ളിൽ മാവേലി സ്റ്റോറുകളിൽ അപേക്ഷ കൊടുക്കണമെന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ അത് 10 ദിവസംകൂടി നീട്ടി. കൃഷിക്കാർ എല്ലാപേരും മാവേലി സ്റ്റോറിൽ പോയി ബാങ്ക് ബാലൻസും പാസ്സ് ബുക്കും അക്കൗണ്ട് നമ്പരും കൊണ്ടുപോയി കുറെ കടലാസും കാര്യങ്ങളുമൊക്കെ പൂരിപ്പിച്ചുകൊടുക്കണം. കൃഷിക്കാർ അത് വേണ്ട രീതിയിൽ സ്വീകരിച്ചിട്ടില്ലായെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുകയാണ്. പാടശേഖര സമിതികളും നെല്ല് സംഭരണം നടത്തുന്ന സഹകരണ സംഘങ്ങളും ഉൾപ്പെടെയുള്ളവർ സംഭരണ പ്രക്രിയയിൽ വരികയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ഗവൺമെന്റ് കൊടുക്കുമെന്ന് പ്രഖ്യാപിക്കുന്ന സംഖ്യ കൊടുക്കുകയും കുടിശ്ശിക തീർക്കുകയും ചെയ്താൽ മാത്രമേ നെല്ല് സംഭരിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ കഴിഞ്ഞ വർഷങ്ങളെപ്പോലെ ഇത് വമ്പിച്ച പരാജയമായി മാറും. മാത്രമല്ല ഇപ്പോൾ ഞങ്ങളുടെ മേഖലയിൽ കൊയ്ത്ത് ആരംഭിച്ചുകഴിഞ്ഞു. കൊയ്ത്ത് ആരംഭിച്ച പാടശേഖരങ്ങളിൽ സ്വകാര്യ മിൽ ഉടമകളുടെ സമ്മർദ്ദങ്ങൾക്ക് അല്ലെങ്കിൽ അവരുടെ കെണിയിൽപ്പെട്ട് അവർ പറയുന്ന വിലയ്ക്ക് നെല്ല് കൊടുക്കേണ്ടിവരുന്നു. ഗവൺമെന്റ് നെല്ല് എടുക്കുന്നില്ല. പ്രഖ്യാപിച്ച വിലയാകട്ടെ കഴിഞ്ഞ വർഷത്തേക്കാൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly